# 'നല്ല ഇടയൻ'

## സങ്കീർത്തനം 23:1

''യഹോവ എന്റെ ഇടയനാകുന്നു എനിക്കു മുട്ടുണ്ടാകയില്ല''.

ദാവീദിന്റെ ഒരു സങ്കീർത്തനം എന്നു പറയുമ്പോൾത്തന്നെ, ഒരു ദൈവപൈതലിന്റെയും നല്ലിടയനാകുന്ന കർത്താവിന്റെയും അഭേദ്യമായ ബന്ധത്തെ എടുത്തുകാണിക്കുന്ന ഒരു സങ്കീർത്തനം കൂടിയാണ് ഇത്.

നല്ല ഇടയനാകുന്ന കർത്താവ് തന്റെ ശിഷ്യന്മാരാകുന്ന ആടുകൾക്കുവേണ്ടി സ്വന്ത ജീവൻ പോലും അർപ്പിക്കുവാൻ ഒരുക്കമുള്ളവനായിരുന്നുവല്ലോ. അതു നമുക്ക് കാൽവറി ക്രൂശിൽ ദർശിക്കുവാൻ സാധിക്കുന്നു. ഇവിടെ സങ്കീർത്തനക്കാരൻ പറയുന്നതുപോലെ നമുക്ക് ഒരു നന്മയ്ക്കും മുടക്കംവരാതെ നമ്മെ പോറ്റിപ്പുലർത്തുവാൻ കർത്താവ് വിശ്വസ്തനാകുന്നു.

**യോഹന്നാൻ 6:37** "എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളയുകയില്ല."

പ്രിയ ദൈവപൈതലേ, താങ്കൾ യേശുക്രിസ്തുവാകുന്ന നല്ല ഇടയന്റെ ആട്ടിൻകൂട്ടത്തിലെ ഒരാടായിത്തീർന്നിട്ടുണ്ടെങ്കിൽ നിശ്ചയമായും നിന്നെ എത്തേണ്ടിടത്ത് എത്തിക്കുവാൻ അവിടുന്ന് ശക്തനാക്കുന്നു. അതുപോലെതന്നെ തന്നെ അനുഗമിക്കുന്നവർ തന്റെ ശബ്ദം തിരിച്ചറിയണമെന്നും വേദഭാഗത്തിലൂടെ വ്യക്തമാകുന്നുണ്ട്. ഇന്നു നാം ചുറ്റും കണ്ണോടിച്ചാൽ ശരിയേത് തെറ്റേത് എന്നു മനസ്സിലാക്കുവാൻ വലിയ പ്രയാസമുള്ള ഒരു ലോകമാണ് നാം നേരിടുന്നത്.

അതിന്റെ മദ്ധ്യത്തിലും നല്ല ഇടയന്റെ തിരുവചനങ്ങളെ ധ്യാനിച്ചുകൊണ്ട് ആ പാത പിൻഗമിക്കുമ്പോൾ ഏത് ദുർഘടമായ സാഹചര്യത്തിലും വഴിതെറ്റാതെ നമ്മെ നയിക്കുവാൻ പരിശുദ്ധാത്മാവ് നമ്മോടു കൂടെയുണ്ടാവുമെന്നതിൽ സംശയമില്ല.

മറ്റ് 99 ആടിനെയും വിട്ടിട്ട് കാണാതെപോയ ഒരു ആടിനെ തേടിവന്ന കർത്താവാണ് നമ്മുടെ ഇടയൻ. തന്റെ അടുക്കൽ വരുന്നവനെ അവിടുന്ന് ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല. 23-ാം സങ്കീർത്തനത്തിൽ വായിക്കുന്നതുപോലെ കൂരിരുളിന്റെ അനുഭവത്തിലൂടെ നടന്നുനീങ്ങുമ്പോഴും ഞാൻ ഒരനർത്ഥവും ഭയപ്പെടുകയില്ല എന്ന് ഉറപ്പോടെ പറയുവാൻ നമുക്കും സാധിക്കണം.

നല്ലിടയൻ നമ്മോടുകൂടെ ഉള്ളതുകൊണ്ട് ഭയപ്പെടേണ്ട ആവശ്യമില്ല. ആയതിനാൽ സകല ചിന്താകുലങ്ങളും കർത്താവിങ്കലേക്ക് ഏല്പിച്ചുകൊടുത്തുകൊണ്ട് നമുക്ക് കർത്താവിനെ പിൻഗമിക്കാം. ദൈവമായ കർത്താവ് നമ്മെ ഏവരെയും അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം :**

സങ്കീർത്തനം 80:1

ആട്ടിൻ കൂട്ടത്തെപ്പോലെ യോസേഫിനെ നടത്തുന്നവനായി യിസ്രായേലിന്റെ ഇടയനായുള്ളോവേ, ചെവിക്കൊള്ളേണമേ; കെരൂബുകളിന്മേൽ അധിവസിക്കുന്നവനേ, പ്രകാശിക്കണമേ.

**സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 055**